സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് വാങ്ങിയ സാധനങ്ങൾ

707 [1031] ശ്രീ. റ്റി. എം. ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977–78 സാമ്പത്തിക വർഷത്തിൽ സ്റ്റോഴ്സ് പർച്ചേസ വകുപ്പ് എത്ര രൂപയുടെ സാധനങ്ങൾ വാങ്ങി;

(ബി) ഇതിൽ കേരളത്തിലെ ചെറുകിട വ്യവസായികളിൽനിന്നും എന്തു തുകയ്ക്കുള്ള സാധനങ്ങൾ വാങ്ങി;

(സി) അയൽ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയ സാധനങ്ങൾ എന്തെല്ലാമാണ്; എത്ര തുകയ്ക്കു വാങ്ങി?

ഉത്തരം

(എ) സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് നേരിട്ട് സാധനങ്ങൾ വാങ്ങാറില്ല. ഓരോ വകുപ്പിനും ആവശ്യമുള്ള സാധനങ്ങൾ അതതു വകുപ്പ് മേധാവി തന്നെ സ്റ്റോഴ്സ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകളനുസരിച്ച് വാങ്ങുകയാണ് ചെയ്യുന്നത്.

(ബി, സി) ഉദിക്കുന്നില്ല.

ഫൈനാൻഷ്യൽ എന്റർപ്രൈസസിന്റെ ചിട്ടികൾ

708 [1033] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ ഫൈനാൻഷ്യൽ എന്റർപ്രൈസസിന് എത്ര രൂപാ ലാഭം കിട്ടി;

(ബി) ഒട്ടാകെ എത്ര ചിട്ടികൾ നടത്തി; ഇപ്പോൾ എത്ര ചിട്ടികൾ നടത്തുന്നുണ്ട്;

(സി) ചിട്ടി കുടിശ്ശിക ഇനത്തിൽ ഇതുവരേയ്ക്കും എത്ര തുക പിരിഞ്ഞു കിട്ടുവാൻ ഉണ്ട്; ഓരോ കൊല്ലവും എത്ര വീതം ;

(ഡി) ഈ കുടിശ്ശിക പിരിച്ചെടുക്കുവാൻ എന്തു നടപടി സ്വീകരിച്ചു ; എന്തു തുക പിരിച്ചെടുത്തു?

ഉത്തരം

(എ) 1977–78 സാമ്പത്തിക വർഷത്തിൽ കേരളാ സ്റ്റേററ് ഫൈനാൻഷ്യൽ എന്റർപ്രൈസസ് 24,28,124 രൂപാ ലാഭം ഉണ്ടാക്കി. 1978-79-ലെ കമ്പനിക്കണക്കുകൾ തയ്യാറാക്കുന്നതേയുള്ളു.

(ബി) ഈ കമ്പനി ഇതുവരെ ആകെ 890 ചിട്ടികൾ രജിസ്ററർ ചെയ്തിട്ടുണ്ട്. അതിൽ 545 എണ്ണം വട്ടമറുതിയായി. ഇപ്പോൾ 345 എണ്ണം നടന്നു കൊണ്ടിരിക്കുന്നു.

(സി) ചിട്ടി കുടിശ്ശിക ഇനത്തിൽ 1-3-79-വരെ, 1,40,00,022.98 (ഒരു കോടി നാൽപ്പതു ലക്ഷത്തി ഇരുപത്തി രണ്ടു രൂപാ 98 പൈസാ) പിരിഞ്ഞു കിട്ടുവാനുണ്ട്. വർഷം തിരിച്ചുള്ള കണക്ക് തയ്യാറാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly